(ബി) ശ്രദ്ധയിൽ വന്നിട്ടുണ്ട്. ജില്ലാ മെഡിക്കൽ ആഫീസുകളുടെ അഭിമുഖ്യത്തിൽ ഓരോ സംഭവത്തെയും കുറിച്ച് "കേസ്" ഇൻവെസ്റ്റിഗേഷൻ നടത്തിയിരുന്നു.

(സി) ഈ ഗുളികയുടെ ദോഷഫലങ്ങളെക്കുറിച്ച് അന്താരാഷ്ട്രതലത്തിൽ ശാസ്ത്രീയമായി ധാരാളം പഠനങ്ങൾ നടത്തി സ്ഥിരീകരിച്ചിട്ടുള്ളതിനാൽ കൂടുതൽ പഠനത്തിന്റെ ആവശ്യകതയില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന ആരോഗ്യ വകുപ്പിൽനിന്നും 2010-ലെ മന്ത് രോഗ നിവാരണ ചികിത്സാ പരിപാടിയിലേക്ക് കാലാവധി കഴിഞ്ഞ ഡി.ഇ.സി. ആൽബൻഡസോൾ ഗുളികകൾ വിതരണം ചെയ്തിട്ടില്ല.

**ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിപ്രകാരം ലഭിക്കുന്ന ഇൻഷ്വറൻസ് തുക**

6 (578) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സസ്ഥാനത്ത് നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലൂടെ ഓരോ ആരോഗ്യ സ്ഥാപനത്തിനും ലഭിക്കുന്ന ഇൻഷ്വറൻസ് തുക അതത് ആശുപത്രികളുടെ വികസനത്തിന് ഉപയോഗിക്കാമെന്ന ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) 2010-11 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ സംസ്ഥാനത്തൊട്ടാകെയുള്ള ആരോഗ്യ സ്ഥാപനങ്ങൾക്ക് എത്ര കോടി രൂപ ഇൻഷ്വറൻസ് തുകയായി ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത തുകകൊണ്ട് ഇതുവരെ ഏതൊക്കെ ആരോഗ്യ സ്ഥാപനങ്ങളിലെ എന്തൊക്കെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാനായെന്ന് വിശദമാക്കുമോ ?

**ഉത്തരം**

(എ-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റി**

7 (581) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റി എന്ന പേരിൽ ഒരു സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അത് രജിസ്റ്റർ ചെയ്തതാണെന്നും, അതിന്റെ ആസ്ഥാനവും, പ്രവർത്തനമേഖലയും സംബന്ധിച്ച വിശദവിവരങ്ങളും ലഭ്യമാക്കുമോ ;

(സി) ദേശീയ ഗ്രാമീണ ആരോഗ്യ മിഷനിൽനിന്നും ഈ സ്ഥാപനത്തിന് ഇതേവരെ എന്തു തുക ലഭിച്ചിട്ടുണ്ട് ; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത തുക എന്തൊക്കെ പ്രവർത്തനങ്ങൾക്കാണ് വിനിയോഗിച്ചതെന്നതു സംബന്ധിച്ച വിശദവിവരം നൽകാമോ ;

(ഇ) ഈ വിനിയോഗത്തിലൂടെ ഏതെല്ലാം മേഖലയിലുള്ള എത്ര പേർക്ക് പ്രയോജനം ലഭിച്ചു എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) 18-4-7-ന് രജിസ്റ്റർ ചെയ്തു. തിരുവനന്തപുരത്ത് ജനറൽ അശുപത്രി ജംഗ്ഷനിൽ ആണ് ആസ്ഥാനം. സംസ്ഥാനത്തെ ആരോഗ്യം, കുടുംബക്ഷേമം എന്നിവയാണ് അതിന്റെ പ്രവർത്തനമേഖല.

(സി) 2005 മുതൽ 2010 നവംബർവരെ മൊത്തം 814.28 കോടി രൂപ ലഭിച്ചിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. 2005 മുതൽ 2007 വരെ ആർ.സി.എച്ചിന്റെ കീഴിലായിരുന്നു. ടി സ്ഥാപനത്തിന്റെ പ്രവർത്തനം

| വർഷം | തുക (കോടി രൂപയിൽ) |
|---|---|
| 2005-2006 | 4.45 |
| 2006-2007 | 80.60 |
| 2007-2008 | 120.00 |
| 2008-2009 | 232.47 |
| 2010-2011 (Nov 2010) | 130.26 |
| Total | 814.28 |

(ഡി) പ്രസ്തുത തുക 14 ജില്ലകളിലെ ആരോഗ്യ-കുടുംബക്ഷേമ സൊസൈറ്റികൾവഴി സംസ്ഥാനത്ത് ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനത്തിനായി വിനിയോഗിക്കുന്നു. ഇത് മാതൃസ്നേഹം, ശിശു ആരോഗ്യ പ്രവർത്തനം, ജനനി സുരക്ഷാ യോജന, ട്രൈബൽ ആർ.സി.എച്ച്, ട്രെയിനിംഗ്, ബി.സി.സി ഐ.ഇ.സി., ആശാ ഇൻസെന്റീവ്സ്, കോൺട്രാക്ട് ഡോക്ടേഴ്സ്, സ്റ്റാഫ് നേഴ്സ്, ഹോസ്പിറ്റൽ അപ്ഗ്രഡേഷൻ, സി.എച്ച്.സി. ഡിസ്ട്രിക്സ് ഹോസ്പിറ്റലുകൾക്ക് ആനുവൽ മെയിന്റനൻസ് ഗ്രാന്റ്, United Funds, HMC എന്നീ പ്രവർത്തനങ്ങൾക്കാണ് വിനിയോഗിക്കുന്നത്.

373/14

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ വിനിയോഗത്തിലൂടെ ആരോഗ്യ വകുപ്പിന്റെ കീഴിലെ അനേകം ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും ഇതുമൂലം ജനങ്ങൾക്ക് ലഭിക്കുന്ന സേവനം വർദ്ധിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്. ഗർഭിണികളായ അമ്മമാർക്ക് ജെ.എസ്.വൈ വഴി പണം നൽകുക, ആശ പ്രവർത്തകർ മുഖേന സമൂഹത്തിന് മെച്ചപ്പെട്ട സേവനം നൽകുക, ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫുകളെയും ലഭ്യമാക്കുക, ആശുപത്രി ഉപകരണങ്ങൾ വാങ്ങുക, ട്രൈബൽ, കോസ്റ്റൽ, അർബൻ മേഖലകളിൽ കൂടുതൽ സേവനം നൽകുക എന്നിവയ്ക്കും സാധിച്ചിട്ടുണ്ട്.

## ജീവൻരക്ഷാ ഔഷധങ്ങളുടെ വിലവർദ്ധനവിനെതിരെ നടപടി

8 (583) ശ്രീ. എ. എ. അസ്സീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജീവൻരക്ഷാ ഔഷധങ്ങളുടെ വില ക്രമാതീതമായി വർദ്ധിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വില വർദ്ധന പിടിച്ചുനിർത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

(സി) നല്ലൊരു വിഭാഗം മരുന്നുകൾക്കും ഗുണമേന്മ ഇല്ലെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ജീവൻരക്ഷാ ഔഷധങ്ങളുടെവില നിയന്ത്രിക്കുന്നത് കേന്ദ്ര സർക്കാരിന്റെ അധീനതിയിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി (NPPA) ആണ്. നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന മരുന്നുവില ലംഘിച്ച് വിപണനം നടത്തുന്ന കമ്പനികളുടെയും വിതരണക്കാരുടെയും വിവരങ്ങൾ മാസാമാസം ഡ്രഗ് കൺട്രോളർ നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റിക്ക് നൽകി വരുന്നു. സംസ്ഥാന ഡ്രഗ്സ് കൺട്രോളർമാർ നൽകുന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ ടി കമ്പനികൾക്കെതിരെ നടപടി സ്വീകരിക്കുവാൻ നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റിക്ക് അധികാരമുണ്ട്.

(സി) ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിൽ പരിശോധനയ്ക്കായി ലഭിക്കുന്ന മരുന്നുകളിൽ 5% മരുന്നുകൾ മാത്രമാണ് ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്ത് കാണുന്നത്. മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ഒരു ഇന്റലിജന്റ്സ് വിഭാഗംതന്നെ പ്രവർത്തിക്കുന്നുണ്ട്. ഈ വിഭാഗത്തിൽ ഈ വിഭാഗത്തിൽ സംസ്ഥാന തലത്തിലും ജില്ലാതലത്തിലും ഇന്റലിജൻസ് ബ്രാഞ്ച് ഡ്രഗ്സ് ഇൻസ്പെക്ടർമാർ സംശയാസ്പദമായ മരുന്നുകൾ, നിരോധിക്കപ്പെട്ട മരുന്നുകൾ, വ്യാജമരുന്നുകൾ, എന്നിവയുടെ വിപണനം തടയുന്നതിനായി നടപടികൾ സ്വീകരിക്കാറുണ്ട്. അത്തരം മരുന്നുകളുടെ വിപണനം ശ്രദ്ധയിൽപ്പെട്ടാൽ അവയുടെ സാമ്പിളുകൾ

LIBRARY ARCHIVES Kerala Legislative Assembly